# NSSKLPS KOOROPPADA

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 2026





## വിദ്യാലയവിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : എൻ. എസ്. എസ്. കെ. എൻ. പി. സ്കൂൾ കൂരോപ്പട.

വിലാസം : കൂരോപ്പട പി.ഒ, പാമ്പാടി, കോട്ടയം 686502.

സ്കൂൾ കോഡ് : 33513

വിദ്യാഭ്യാസ ഉപജില്ല : പാമ്പാടി

വിദ്യാഭ്യാസ ജില്ല : കോട്ടയം

റവന്യൂ ജില്ല : കോട്ടയം.

ബി. ആർ. സി : പാമ്പാടി

സി. ആർ. സി : കൂരോപ്പട

ഗ്രാമപഞ്ചായത്ത് : കൂരോപ്പട

ബ്ലോക്ക് പഞ്ചായത്ത് : പാമ്പാടി

ജില്ലാ പഞ്ചായത്ത് : കോട്ടയം

നിയമസഭാമണ്ഡലം : പുതുപ്പള്ളി

ലോകസഭാമണ്ഡലം : കോട്ടയം

വില്ലേജ് : കൂരോപ്പട.

എൻ. എസ്. എസ്. എൽ. പി. സ്കൂൾ കൂരോപ്പട

## ആമുഖം.

1955 ൽ സ്ഥാപിതമായ ഈ സ്കൂളിന്റെ ഉടമസ്ഥാവകാശം കൊല്ലവർഷം 1114 ൽ രൂപീകൃതമായ 1280-ാം നമ്പർ കൂരോപ്പട എൻ. എസ്. എസ് കരയോഗത്തിനാണ്. കൂരോപ്പട എന്ന ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന് കിഴക്ക് പാമ്പാടി പള്ളിക്കത്തോട് റോഡിൽ അമ്പലപ്പടി ജംഗ്ഷനിൽ നിന്നും 150 മീറ്റർ കിഴക്കുമാറി ഈ സ്കൂൾ സ്ഥിതിചെയ്യുന്നു.

കിഴക്കേതിൽ ശ്രീ രാമൻനായർ സംഭാവനയായി നൽകിയതും കരയോഗം വിലയ്ക്കു വാങ്ങിയതുമായ 62 സെന്റ് സ്ഥലത്താണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. പ്രാരംഭകാലംമുതൽ പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവു പുലർത്തുന്ന വിദ്യാലയമാണിത്. LSS സ്കോളർഷിപ്പ് പരീക്ഷയിൽ കഴിഞ്ഞ 30 വർഷമായി തുടർച്ചയായി (ഇടയ്ക്ക് 3 വർഷങ്ങളിലൊഴികെ) മികച്ച വിജയം കൈവരിക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം 6 കുട്ടികളെ LSS പരീക്ഷയിൽ ഇരുത്തി അവർക്ക് 6 പേർക്കും വിജയികളാകാൻ സാധിച്ചു എന്നുള്ളതും വലിയ ഒരു നേട്ടമാണ്. പാമ്പാടി ഉപജില്ലയിൽ നടത്തുന്ന കലാ ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തിപരിചയമേളകളിൽ നമ്മുടെ സ്കൂളിലെ കുട്ടികൾ എന്നും ഉയർന്നഗ്രേഡുകൾ കരസ്ഥമാക്കാറുണ്ട്.

പാഠ്യപാഠ്യേതരവിഷയങ്ങളിൽ മികച്ചുനിൽക്കുന്ന നമ്മുടെ സ്കൂൾ അനേകം വെല്ലുവിളികൾ നേരിടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്.

## സ്കൂളിന്റെ പരിമിതികൾ

കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയാണ്. 2023-24 മുതൽ അൺഇക്കണോമിക് നിലയിൽ ആയി. അതിന് പ്രധാനകാരണമായി കണ്ടെത്താൻ സാധിച്ചത് (1) രക്ഷിതാക്കളുടെ ഇംഗ്ലീഷ്മീഡിയം സ്കൂളുകളോടുള്ള അഭിനിവേശം (2) സ്കൂളിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ സാധിക്കാത്തത് എന്നിവയാണ്.

കുട്ടികൾ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾ സൂക്ഷിച്ചുവച്ച് പുനരുപയോഗിക്കാൻ വേണ്ടത്ര സ്ഥലസൗകര്യമില്ലാത്തതിനാൽ സാധിക്കുന്നില്ല. ഓഫീസ്റൂം, സ്റ്റാഫ്റൂം, ലാബ്, ലൈബ്രറി എന്നിവയെല്ലാം കൂടി ഒരു ഓഫീസ്റൂം മാത്രമാണുള്ളത്. അടുക്കള, ഭക്ഷണശാല എല്ലാം നവീകരിക്കേണ്ടതുണ്ട്.

ആകർഷകമായ രീതിയിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് ശലഭോദ്യാനം, കളിസ്ഥലം എന്നിവ ഉണ്ടാക്കേണ്ടതുണ്ട്.

രക്ഷിതാക്കൾ എല്ലാവരും ഉപജീവനത്തിനായി ഓരോരോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ സ്കൂളിന്റെ ആവശ്യത്തിനു രക്ഷിതാക്കളുടെ പൂർണമായ സേവനം ലഭ്യമാകുന്നില്ല. സ്കൂൾ സ്ഥിരം ജീവനക്കാരുടെ അഭാവം വലിയൊരു പ്രശ്നമാണ്.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

സ്കൂൾ ഇന്റർനാഷണൽ സ്കൂൾ നിലവാരത്തിലേക്ക് ഉയരണം.

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ശേഷികൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കൽ

മത്സരപരീക്ഷകളിൽ നമ്മുടെ സ്കൂളിൽ നിന്ന് പോകുന്ന കുട്ടികൾക്ക് ഉന്നതവിജയം കൈവരിക്കാൻ സാധിക്കണം.

പാഠ-പഠനാനുബന്ധപ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

ശുചിത്വം, പൊതുമുതൽ സംരക്ഷിക്കൽ, സഹജീവിസ്നേഹം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും ആർജ്ജിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ

പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

ലഹരിവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ലഹരിവിമുക്തമായിരിക്കാനുള്ള അവബോധം കുട്ടികളിൽ വളരാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക.

ദുരന്തങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും രക്ഷപ്പെടാനും മാറിനിൽക്കാനുമുള്ള പരിശീലനം ലഭ്യമാകുന്ന ഒരു വിദ്യാലയാന്തരീക്ഷം.

# ഭാഷ

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ബാലസഭ
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ
- വായനാസാമഗ്രികൾ കണ്ടെത്തുക വികസിപ്പിക്കുക.
- വായനയും എഴുത്തും വികസിപ്പിക്കുന്ന നിരവധി തന്ത്രങ്ങൾ വികസിപ്പിക്കുക.
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകണ്ടെത്തുക
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗപ്പെടുത്തൽ.
- ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ

## പ്രവർത്തനങ്ങൾ

- പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം മനസ്സിലാക്കി
- കാർഡുകളിലൂടെ അക്ഷരങ്ങളിലേക്ക്. വാക്യങ്ങളിൽ നിന്ന് വാക്കുകളിലേക്ക് വാക്കുകളിൽ നിന്ന് അക്ഷരങ്ങളിലേക്ക്.
- ICT സാധ്യത ഉപയോഗിച്ച് കഥകളിലൂടെ വാക്യങ്ങളും, വാക്കുകളും, അക്ഷരങ്ങളും ഉറപ്പിക്കുന്നു.
- കഥ അവസാനിപ്പിടത്തു നിന്ന് കുട്ടികൾ അവരുടെ ഭാവനക്കനുസരിച്ച് കഥ വികസിപ്പിക്കുന്നു.
- work sheet
- പത്രവായന- ക്വിസ്, വാർത്താവായന ആനുകാലിക അറിവുകൾ
- പുസ്തകവായന – അർത്ഥവായന, സൂക്ഷ്മ വായന
- വായനാക്കുറിപ്പ് – വായിച്ച പുസ്തകത്തിന്റെ കുറിപ്പ് തയ്യാറാക്കൽ
- ദിനാചരണം – ദിനാചരണവുമായി ബന്ധപ്പെട്ട പതിപ്പ് തയ്യാറാക്കൽ, പോസ്റ്റർരചന, ക്വിസ് പ്രോഗ്രാം, പ്രസംഗമത്സരം, –

# ഗണിതം

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും സംഖ്യാബോധം, സ്ഥാനവില എന്നിവ ഉറപ്പിക്കൽ
- ചതുഷ്ക്രിയകൾ ഉൾപ്പെട്ട പ്രശ്നനിർദ്ധാരണം.
- അളവുകളും തൂക്കങ്ങളും, സമയം.
- നാണയം, കറൻസി
- ഗണിതക്ലബ്ബ്

## പ്രവർത്തനങ്ങൾ

- പ്രീടെസ്റ്റ്
- മഞ്ചാടി, മുത്ത്, ഈർക്കിൽ, അബാക്കസ് സംഖ്യാപോക്കറ്റ്, അരവിന്ദ് ഗുപ്ത കിറ്റ് എന്നിവ ഉപയോഗിച്ച് സംഖ്യാബോധം സ്ഥാനവിലയും ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ
- കടക്കളി, ബസ്കളി, ബാങ്ക് കളി എന്നിങ്ങനെ നിത്യജീവിതവുമായി ബന്ധപ്പെട്ട വിവിധ കളികളിലൂടെ ചതുഷ്ക്രിയകൾ ഉൾപ്പെട്ട പ്രശ്നങ്ങൾ ഏറ്റെടുക്കുകയും സ്വന്തം ഇഷ്ടമായി കരുതി പരിഹാരം കാണുന്നു.
-

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ജൈവവൈവിധ്യപാർക്ക്
- ശലഭോദ്യാനം
- ശാസ്ത്രമൂല / ശാസ്ത്രപരീക്ഷണശാല.
- ശാസ്ത്രക്ലബ്ബ്

- പരീക്ഷണനിരീക്ഷണം, താരതമ്യം, പട്ടികപ്പെടുത്തൽ, അപഗ്രഥനം, പ്രോജക്ട്, എന്നിവയിലൂടെ ശരിയായ നിഗമനത്തിലെത്തുന്നു.

## പ്രതീക്ഷിതനേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശനനിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

## മോണിട്ടറിംഗ് രീതി.

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലംമുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ്
- ദൈനംദിനമോണിട്ടറിംഗ്.

## കലാപഠനം

### ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്തുക
- കലാഭിരുചി വളർത്തുക.

### പ്രവൃത്തിപരിചയം

- നിർമാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക

### ആരോഗ്യകായിക വിദ്യാഭ്യാസം

- എല്ലാകുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക

### സാമൂഹികം

- PTA ശക്തിപ്പെടുത്തൽ
- എസ്. എം. സി കാര്യക്ഷമമാക്കൽ
- വിദ്യാലയവികസന സമിതി
- പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- എസ്. എസ്. ജി
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ വിദ്യാഭ്യാസപ്രവർത്തകർ, പൂർവാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.

- നാട്ടുകലാകാരന്മാർ സംഗമം
-

- പാഴ്വസ്തുക്കളും പേപ്പറും ഉപയോഗിച്ച് പാഠവിഷയവുമായി ബന്ധപ്പെട്ട വിവിധ വസ്തുക്കൾ ഉണ്ടാക്കുന്നു.
- പാഠ്യവിഷയങ്ങളുമായും കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ കളികളിലേർപ്പെടുന്നു.

- എല്ലാമാസവും അവസാനത്തെ വെള്ളിയാഴ്ച 2 മണിക്ക് PTA
-

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പിന്നാക്കക്കാരായ കുട്ടികൾക്കും മലയാളം വായിക്കാനും എഴുതാനും കഴിയുക. സ്വന്തം ആശയം പറഞ്ഞും എഴുതിയും പ്രകടിപ്പിക്കാൻ കഴിയുക. സർഗാത്മക രചനകൾ നടത്താൻ കഴിയുക.<br><br>അക്ഷരം ഉറപ്പിക്കുക | പറയാം എഴുതാം. Pre test നടത്തി കുട്ടികളുടെ നിലവാരം ... ഏറ്റവും പിന്നാക്കം നിൽക്കുന്നവർക്ക് ICT സാധ്യത ഉപയോഗിക്കുന്നു. വീഡിയോ കാണിക്കുന്നു. അതിൽ കാണുന്ന കാര്യങ്ങൾ കുട്ടികൾ പറയുന്നു. അതിന്റെ വായനാകാർഡ് കാണിക്കുന്നു. കാർഡ് വായിക്കുന്നു. അതിൽ ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ അക്ഷര കാർഡിൽ നിന്ന് എടുക്കുന്നു. കാർഡിലുള്ള അക്ഷരം എഴുതുന്നു. ഓരോ അക്ഷരവും എഴുതുന്നത് എവിടെ തുടങ്ങി എവിടെ അവസാനിപ്പിക്കണമെന്ന് കാണിച്ചുകൊടുക്കുന്നു. ആ അക്ഷരം കുട്ടികൾ ബോർഡിൽ എഴുതുന്നു. ബുക്കിൽ എഴുതുന്നു. നന്നായി എഴുതുന്നവർക്ക് star കൊടുക്കുന്നു. എഴുതിയ അക്ഷരം വായിക്കുന്നു. ഈ അക്ഷരം വരുന്ന വസ്തുക്കളുടെ ചിത്രം കാണിച്ച് പേര് പറയിപ്പിക്കുന്നു. പേര് എഴുതിയ കാർഡ് കാണിക്കുന്നു. കാർഡിൽ നിന്ന് പഠിച്ച അക്ഷരം കണ്ടെത്തി ഉറപ്പിച്ച് BB യിലും ബുക്കിലും എഴുതുന്നു: വായനാകാർഡ് കൊടുത്ത് അതിൽ നിന്ന് അവർ പഠിച്ച അക്ഷരം കണ്ടുപിടിച്ചു വായിക്കുന്നു. മറ്റ് വായനാ സാമഗ്രികളിൽനിന്ന് പഠിച്ച അക്ഷരം ചേർന്ന വാക്കുകൾ കണ്ടെത്തുന്നു. | June | Class Teacher | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉപാധി |
| --- | --- | --- | --- |
| ചിത്രം വായിക്കുക. | കുട്ടികൾ കഥകളും പാട്ടുകളും ചിത്രങ്ങളുടെ സഹായ-<br>ത്തോടെ കേൾക്കുന്നു. ഏറ്റുപാടുന്നു, കഥ<br>പറയുന്നു. കഥയും പാട്ടും ആശയങ്ങൾ<br>എഴുതിയത് കാണിക്കുന്നു. പഠിക്കാനുദ്ദേശിച്ചിരിക്കുന്ന<br>ചിത്രങ്ങൾക്ക് പ്രത്യേകം നിറം നൽകിയിരിക്കും.<br>കുട്ടികളോട് ആ ചിത്രങ്ങൾ ചോദിക്കുമ്പോൾ<br>എങ്ങനെ വായിക്കണമെന്നുള്ളത് കഥപറയു-<br>മ്പോഴും പാട്ടുപാടുമ്പോഴും ഊന്നി പറയുന്നു.<br>അത് കേട്ട് കുട്ടികളും അതുപോലെ വായിക്കുന്നു<br>പറയുന്നു. കൂട്ടവായനയും വ്യക്തിഗതവായനയും<br>നടത്തുന്നു. ചിത്രങ്ങൾ എഴുതാനിനി<br>കാണിച്ചുകൊടുക്കുന്നു. ചിത്രങ്ങളിൽ വരുന്ന വാക്കുകൾ കുട്ടികൾ ബുക്കിൽ എഴുതു-<br>ന്നാൽ എഴുതുമ്പോൾ എല്ലാവരും ശരി<br>ച്ചിരിക്കുകയും സ്വന്തം നോട്ടുബുക്കിൽ എഴുതുക<br>ചെയ്യുന്നു. സ്വയം വിലയിരുത്തുന്നു. വേണ്ട<br>തിരുത്തലുകൾ നടത്തുന്നു. എഴുതിയത് ഉറക്കെ<br>വായിക്കുന്നു. ഓരോ ചിത്രവും ചേർന്ന് ധാരാളം<br>വാക്കുകൾ കണ്ടെത്തി എഴുതുന്നു. | ജൂൺ<br>ജൂലൈ | Class<br>Teacher |

| | | | | |
|---|---|---|---|---|
| അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് നന്നായി വായിക്കാൻ കഴിയുക. | വായിക്കാം രസിക്കാം.<br>കഥാവീഡിയോകൾ കാണിക്കുന്നു. ആ കഥ തന്നെ ചെറു പുസ്തകങ്ങളോ, ചാർട്ടിലെഴുതിയതോ കൊടുത്ത് വായിപ്പിക്കുന്നു. ഒറ്റക്ക് വായിക്കുന്നു.<br>മാതൃകാ വായന നടത്തി വീണ്ടും വായിപ്പിക്കുന്നു.<br>ചെറിയ കഥാപുസ്തകങ്ങൾ, ചിത്രകഥകൾ, വായനാ കാർഡുകൾ ഇവ വായിക്കാനും വായിക്കുന്നത് കേൾക്കാനും ഉള്ള അവസരം കൊടുക്കുന്നു.<br>ചെറുകവിതകൾ വായിക്കാനുള്ള അവസരം നൽകുന്നു | ജൂൺ to March | ക്ലാസ് teacher | PTA |
| വായിക്കുന്നതിന്റെ ആശയം ഉൾക്കൊള്ളുക. (അർത്ഥഗ്രഹണം) | കഥാവീഡിയോകൾ കാണിച്ചതിനുശേഷം കഥ പറയിപ്പിക്കുന്നു. ഒരാൾ പറഞ്ഞതിനുശേഷം അതിൽ വിട്ടുപോയതുകൂടി കൂട്ടിച്ചേർത്ത് അടുത്തയാൾ പറയുന്നു ഇങ്ങനെ എല്ലാവരും പറയുന്നു. അവസാനത്തെ ആൾ പറയുമ്പോൾ കഥ പൂർണമായിരിക്കണം. ടീച്ചർ ഒന്നുകൂടി ആ കഥ പറയുന്നു.<br>കഥാപാത്രങ്ങളെ ലിസ്റ്റ് ചെയ്യുക.<br>കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം പറയുന്നു<br>ചോദ്യങ്ങളുണ്ടാക്കുക. ചോദ്യോത്തരപ്പയറ്റ് നടത്തുന്നു<br>ടീച്ചർ അർത്ഥം പറയുന്നു ആശയം കുട്ടികൾ കണ്ടെത്തുന്നു.<br>പുതിയപദങ്ങളുടെ ആശയം സന്ദർഭങ്ങളിൽ നിന്ന് പറയുന്നു<br>പുതിയ പദങ്ങൾ ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കുന്നു.<br>പകരം പദങ്ങൾ ചേർത്ത് വാക്യങ്ങൾ പൂർത്തിയാക്കുന്നു. | | | |

| | | | |
|---|---|---|---|
| തെറ്റില്ലാതെ എഴുതാൻ കഴിയുക | സമാനപദങ്ങളും വിപരീതപദങ്ങളും കണ്ടെത്തിയെഴുതുന്നു. വിവിധ ഭാഗങ്ങളിൽ ടീച്ചറുടെ നിർദേശമനുസരിച്ച് എഴുതുന്നു. ടീച്ചർ ശരിയായി BB യിൽ എഴുതുന്നു. കുട്ടികൾ തന്നെ വിലയിരുത്തുന്നു. തെറ്റായി എഴുതിയതിന് ചുറ്റും വട്ടം വരച്ച് ശരിയായി എഴുതുന്നു. മായ്ച്ച് എഴുതാൻ പാടില്ല. റബ്ബർ ഉപയോഗിക്കാൻ പാടില്ല. ശരിയായി എഴുതിയത് പലപ്രാവശ്യം വായിക്കുന്നു. തെറ്റായി എഴുതിയതുമായി തട്ടിച്ചുനോക്കി വായിക്കുമ്പോഴുള്ള വ്യത്യാസവും അർത്ഥവ്യത്യാസവും ക്ലാസ്സിൽ ചർച്ചചെയ്യുന്നു.<br>ശരിയാക്കാൻ കുട്ടികൾക്കുതന്നെ ശ്രമിക്കാം. Tr എല്ലാവരുടെയും നോക്കുന്നു. വേണ്ട നിർദേശങ്ങൾ നൽകുന്നു. ശരി എഴുതിയാൽ ഒരു സ്റ്റാർ. | ജൂൺ to March | Class teacher |
| വായിക്കാം വിജ്ഞാനം നേടാം. | എല്ലാദിവസവും പത്രവാർത്ത എഴുതി അസംബ്ലിയിൽ വായിക്കുന്നു. നല്ലവായനക്കാരെ അഭിനന്ദിക്കാം. | വർഷം മുഴുവൻ ജൂൺ മുതൽ | |
| വായനാകാർഡ് നിർമാണം. | കുട്ടികളുടെ നിലവാരം അനുസരിച്ച് വായനാകാർഡുകൾ നിർമിക്കുന്നു. അവർക്കിഷ്ടപ്പെട്ട കഥാപാത്രങ്ങൾ വരുന്നപോലെ അവർക്കിഷ്ട ചിത്രങ്ങൾ വരുന്നപോലെ നിലവാരമനുസരിച്ച്, ആശയം വരുന്നപോലെ | നവംബർ മുതൽ | |

| | | | | |
|---|---|---|---|---|
| | കവിത, കഥ, ലേഖനങ്ങൾ ... തുടങ്ങി പലവിധത്തിലുള്ള വായനാക്കുറിപ്പുകൾ നിർമ്മിക്കുന്നു. | | | |
| വായനാക്കുറിപ്പ് എഴുതുന്നു. | എല്ലാദിവസവും കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു. ആഴ്ചയിലൊരു ദിവസം (വെള്ളി) പുസ്തകം വായിക്കാൻ കൊടുത്തുവിടുന്നു. വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് എഴുതുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. പുസ്തകവും വായനാക്കുറിപ്പും ചേർത്ത് വച്ച് ടീച്ചറും കുട്ടികളും ചേർന്ന് താരതമ്യപഠനം നടത്തുന്നു. ചർച്ചയിലൂടെ വേണ്ട തിരുത്തലുകൾ നടത്തി വീണ്ടും ക്ലാസിൽ അവതരിപ്പിക്കുന്നു. | June to March. | Class teacher | PTA |
| സർഗശേഷി വികാസം. | പാഠവുമായി ബന്ധപ്പെട്ടതും സമാനവുമായ കഥയും കവിതയും വിവരണവും വർണ്ണനയും പ്രസംഗവും ചിത്രങ്ങളും വീഡിയോയിലൂടെ കാണാനും കേൾക്കാനും അവസരം നൽകുന്നു. കേട്ടതും കണ്ടതുമായ കാര്യങ്ങൾ ആശയവ്യക്തതയോടെ ഓരോരുത്തരും അവതരിപ്പിക്കുന്നു. പരസ്പരം വിലയിരുത്തുന്നു ടീച്ചർ വിലയിരുത്തുന്നു ചർച്ചചെയ്യുന്ന വേണ്ട തിരുത്തലുകൾ നടത്തി വീണ്ടും അവതരിപ്പിക്കുന്നു. കഥയെ കവിതാരൂപത്തിലും ചിത്രകഥാരൂപത്തിലും ദൃക്സാക്ഷിവിവരണ രൂപത്തിലും കഥാപ്രസംഗ രൂപത്തിലും | ഡിസംബർ മുതൽ | | |

| | | |
|---|---|---|
| | | ആക്കിമാറ്റി അവതരിപ്പിക്കുന്നു. ഇങ്ങനെ ഒരുരൂപത്തിലുള്ളതിനെ മറ്റുരൂപത്തിലേക്ക് മാറ്റി സർഗാത്മക രചനകൾ നടത്തുന്നു. സന്ദർഭം, ചിത്രം ഇവകളിലൂടെ സർഗാത്മക രചനകൾ നടത്തുന്നു. |
| ൨ | ഡയറിയെഴുത്ത്. | ഓരോ ദിവസത്തെയും പ്രധാന സംഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഡയറി എഴുതുന്നു. ദിനചര്യകളൊഴിച്ചുള്ള എല്ലാകാര്യങ്ങളും ചേർത്ത് ഡയറിയിൽ ഉണ്ടാവണം എന്ന് നിർദേശിക്കുന്നു. പരസ്പരം കൈമാറി വായിക്കുന്നു. കയ്യിൽ കിട്ടിയ ഡയറിയുടെ വിലയിരുത്തൽ നടത്തുന്നു. ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഇതുമൂലം വായിക്കാനും എഴുതാനും ആശയം മനസിലാക്കി വായിക്കാനും, സ്വന്തം ആശയം പ്രകടിപ്പിക്കാനും വിലയിരുത്താനുമൊക്കെയുള്ള ശേഷിനേടുന്നു. വർഷം മുഴുവൻ |

# SCHOOL ACADEMIC MASTER PLAN - ENGLISH
# 2025 - 2026

Goals :-

- Enable all the children to communicate confidently in English.
- Give more practical experience like skit, speech, self introduction, readers theatre etc.
- To ready them for independent reading, writing and speaking.
- Make English classrooms more intrestive, engaged and lively.

| Goal | Activity | Time limit | Responsibility | |
|---|---|---|---|---|
| Enable all the children to communicate confidently in English. | English Assembly<br>→ The childrens are able to conduct English assembly once in a week as their own. | Once in a week (Every friday) August to march | Teachers | |
| | → Learners are able to do self introduction in meaningful way.<br>→ Childrens are confidently do speech in assembly, special days/occasions etc. | September to march | | |
| To ready them for independent reading. | → Reading Cards<br>→ Simple English story book reading | June – march<br>October to march | SRG | |

| GOAL | ACTIVITY | TIME LIMIT | RESPONSIBILITY |
|---|---|---|---|
| • To ready them for independent writing. | English Diary<br>→ Learners are able to write their day to day life experiences in simple sentences. | September to march | |
| • make English class rooms more interestive engaged and lively. | → use of ICT<br>→ Games, picture story, puzzles, action songs | June to march | English teachers |

| | | | | |
|---|---|---|---|---|
| ശേഷി<br><br>സംഖ്യാബോധം സ്ഥാനവില എന്നിവ ഉറപ്പിക്കുന്നു. | **ഗണിതം**<br>Pre-test നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. നിലവാരത്തിനനുസരിച്ച് തരംതിരിച്ച് പഠനപ്രവർത്തനങ്ങൾ നൽകുന്നു. ഗണിതത്തിന് [illegible]<br>സാധനസാമഗ്രികളായി പഠനത്തിലൂടെ (മഞ്ചാടി, കല്ല്, ഈർക്കിൽ, മുത്ത്, സീക്വൻസ്, ....) എല്ലാവർക്കും സംഖ്യാബോധം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>നിശ്ചിത എണ്ണം എണ്ണിയെടുക്കുക.<br>1 സംഖ്യയെ വിവിധരീതിയിൽ വ്യാഖ്യാനിക്കുന്നു.<br>മുന്നിലുള്ള സംഖ്യ, പിന്നിലുള്ള സംഖ്യ, വലുത്, ചെറുത്<br>ഇടയിലുള്ള സംഖ്യ, ഒരു നിശ്ചിത സംഖ്യ എങ്ങനെയെല്ലാം കിട്ടുന്നു.... തുടങ്ങിയ സംഖ്യകളുമായി ബന്ധപ്പെട്ട ശേഷികൾ നേടുന്നു<br>Eg: 3 മഞ്ചാടിയും 2 മഞ്ചാടിയും ചേർന്നാൽ 5 മഞ്ചാടി<br>2 മഞ്ചാടിയും 3 മഞ്ചാടിയും ചേർന്നാൽ 5 മഞ്ചാടി<br>4 മുത്തും 1 മുത്തും ചേർന്നാൽ 5 മുത്ത്.<br>1 മുത്തും 4 മുത്തും ചേർന്നാൽ 5 മുത്ത്.<br>5 ഈർക്കിലും 0 ഈർക്കിലും ചേർന്നാൽ 5 ഈർക്കിൽ.<br>ഗണിതവാക്യം എഴുതി ചിത്രീകരിക്കുന്നു<br>2 + 3 = 5   4 + 1 = 5   5 + 0 = 5<br>3 + 2 = 5   1 + 4 = 5   0 + 5 = 5<br>●● + ○○○ = ○○○○○ . . . | June July | Class tr. | PTA |

| | | | |
|---|---|---|---|
| | 6- ക്കിനെ നാലിൽ നിന്ന് 1 വരിയായും 5<br>7- ൽ നിന്ന് 2 കമ്പ് വരിയായും 5<br>ഇങ്ങനെ വിവിധ സംഖ്യകൾ എങ്ങനെയൊക്കെ കിട്ടുന്നു എന്നതിന് കാർഡുകളും സാധനങ്ങളുമായും പാത്രങ്ങളുമൊക്കെ... വച്ച് കുട്ടികൾ ചെയ്ത് ഉത്തരം കണ്ടെത്തുന്നു. | | |
| രൂപങ്ങൾ തിരിച്ചറിയുന്നു. പ്രത്യേകതകൾ അറിയുന്നു. | രൂപങ്ങൾ<br>ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് ത്രികോണം, ചതുരം, വൃത്തം എന്നീ ആകൃതിയിലുള്ള വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു. അവയുടെ പ്രത്യേകത കണ്ടെത്തുന്നു. വിവിധ വലുപ്പത്തിലുള്ള വൃത്തം, ത്രികോണം, ചതുരം ഇവ ചേർത്ത് വിവിധ വസ്തുക്കൾ നിർമിക്കുന്നു. പാറ്റേൺ രൂപീകരിക്കുന്നു. | June | Class teacher |
| ടാൻഗ്രാം. | ടാൻഗ്രാം ഉപയോഗിച്ച് വിവിധരൂപങ്ങൾ ഉണ്ടാക്കുന്നു. മടക്കാനും വെട്ടാനും പരിശീലിപ്പിക്കുന്നു. | | |
| സ്ഥാനവില | അബാക്കസ്, മുത്തുമാല, കമ്പുകെട്ട്, സംഖ്യാപോക്കറ്റ് അരവിന്ദ് ഗുപ്ത സ്ലിപ്പ് എന്നിവയുപയോഗിച്ച് സംഖ്യകളുടെ സ്ഥാനവിലയനുസരിച്ച് ചിത്രീകരിക്കുന്നു. സംഖ്യകളെ സ്ഥാനവിലയനുസരിച്ച് എഴുതുന്നു.<br>32 = 30+2, 3[illegible]2, 300+10+2, ... | | |

| | | | | |
|---|---|---|---|---|
| ആരോഹണ അവരോഹണം. വലുത്, ചെറുത് | ക്രമീകരിക്കാം<br>സംഖ്യാകാർഡുകൾ നൽകുന്ന വിദ്യാർത്ഥികളെ സാധാരണ സംഖ്യകളായി ചിത്രീകരിക്കുന്നു. കുട്ടി സംഖ്യകൾ സൂചിപ്പിക്കുന്ന വസ്തുക്കൾ എണ്ണിനോക്കി വലുത് ചെറുത് എന്നിവ കണ്ടെത്തുന്നു. വലുതിൽ നിന്ന് ചെറുതിലേക്ക് ക്രമീകരിക്കുന്ന അനുഭവം ലഭിച്ചു. | June to August. | Class teacher | PTA |
| ഒറ്റസംഖ്യ ഇരട്ടസംഖ്യ. | ഒറ്റയോ ഇരട്ടയോ.<br>സംഖ്യാകാർഡുകൾ നൽകുന്നു. കിട്ടിയ സംഖ്യാകാർഡിലെ സംഖ്യനോക്കി അത്രയെണ്ണം മുത്തുകൾ എണ്ണിയെടുക്കുന്നു. ആ മുത്തുകളെ 2 വീതം കൂട്ടങ്ങളാക്കുന്നു. ഇപ്പോൾ വർക്കും 5 കാർഡുകൾ (ഒറ്റസംഖ്യയും ഇരട്ടസംഖ്യയും വരുന്നതുപോലെ) നൽകി ഇതുപോലെ ചെയ്യുന്നു. ഒറ്റസംഖ്യയുടെ കൂട്ടങ്ങളെയും ഇരട്ടസംഖ്യകളെയും നിരീക്ഷിച്ച് ഒറ്റസംഖ്യയുടെയും ഇരട്ടസംഖ്യയുടെയും പ്രത്യേകത കണ്ടെത്തുന്നു. അക്കങ്ങൾ കണ്ടാൽ എങ്ങനെ മനസ്സിലാക്കാം എന്ന് ചർച്ചയിലൂടെ കണ്ടെത്തി. | | | |
| ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹാരണം. | കടകളി - ക്ലാസിൽ കട അവതരിപ്പിക്കുന്നു. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നു. കുറച്ചുകുട്ടികൾ കടക്കാരനാകുന്നു. കുറച്ചുകുട്ടികൾ വാങ്ങാൻ വരുന്നവരാകുന്നു. സാധനങ്ങൾ വാങ്ങുന്ന വിലനോക്കി ആകെ എത്രയെന്നു പറയുന്നു ബില്ലിനോട് കൊടുത്തു ബാക്കി വാങ്ങുന്നു. Tr. പരിശോധിക്കുന്നു. | ജൂൺ to March. | | |

| | | | |
|---|---|---|---|
| സമയം, ആഴ്ചകൾ കണ്ടെ മനസ്സിലാക്കുന്നു ദിവസം-ആഴ്ച മാസം-വർഷം ബന്ധം മനസ്സിലാക്കുന്നു കലണ്ടർ | സംവാദം<br>ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി കുട്ടികൾ ചാർട്ട് തയാറാക്കുന്നു. രാവിലെ എഴുന്നേൽക്കുമ്പോൾ മുതൽ ഉറങ്ങുന്നതുവരെയുള്ള ദൈനംദിന പ്രവർത്തനങ്ങളും സമയവും കുറിക്കുന്നു. ഓരോന്നിനും എടുക്കുന്ന സമയം കണ്ടെത്തുന്നു. ക്ലോക്ക് നോക്കി സമയം പറയുന്നു.<br>കലണ്ടർ നോക്കി ദിവസം ആഴ്ച, മാസം, വർഷം ഇവ മനസ്സിലാക്കുന്നു ഇവ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു. വിവിധ കലണ്ടറുകളും മാസങ്ങളും പരിചയപ്പെടുന്നു.<br>കിലോഗ്രാം, ലിറ്റർ ഇവ പരിചയപ്പെടുന്നു.<br>ഉച്ചഭക്ഷണ വിതരണം<br>ഒരുകുട്ടിക്ക് ഒരുദിവസം 100 g അരിവച്ച് 30 കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാൻവേണ്ട അരി എത്ര?. ഒരു കിലോ അരികൊണ്ട് എത്ര പേർക്ക് ഭക്ഷണം കഴിക്കാം?. ഒരാഴ്ച ഉച്ചഭക്ഷണത്തിനുവേണ്ടി എത്ര കിലോ അരിവേണ്ടിവരും?. ഒരുദിവസം 1 കുട്ടിക്ക് 150 ml പാൽ വച്ച് 30 കുട്ടികൾക്ക് വേണ്ട പാൽ എത്ര?. ഒരു ലിറ്റർ പാൽകൊണ്ട് എത്രപേർക്ക് കൊടുക്കാം: ആഴ്ചയിൽ രണ്ടു ദിവസം പാൽകൊടുത്താൽ ഒരുമാസം എത്രലിറ്റർ പാൽവേണ്ടിവരും?. | October to March | Class teacher |
| പ്രായോഗിക പ്രശ്നനിർധാരണം | ടൂർ പോകാം. എത്ര ചിലവാകും. | | |

| | | | | |
|---|---|---|---|---|
| ഗണിതലാബ് സജ്ജീകരിക്കൽ. ഗണിത പ്രവർത്തനങ്ങൾ വ്യാപകമാക്കൽ. | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ക്ലാസിൽവച്ച് ഗണിതക്ലാസ് നടത്തൽ. | June to March. | Class teacher | PTA |
| ഗണിതപഠനത്തിൽ കുട്ടികൾ താല്പര്യം ഉണ്ടാക്കുന്നതിന് | • ഗണിതക്ലാസുകൾ രസകരമായി എങ്ങനെ നടത്താം? ഗണിതശാസ്ത്രജ്ഞരുടെ experts ന്റെ class സംഘടിപ്പിക്കുന്നു. | | | |
| ഗണിതപിന്നോക്കാവസ്ഥ പരിഹരിക്കൽ | • കുട്ടികൾ ഗണിതക്ലാസിൽ നേടേണ്ട ശേഷികൾ മനസ്സിലാക്കിക്കൊണ്ട് പരിഹരിക്കാൻ ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. • വർക്ക്ഷീറ്റുകൾ നൽകുന്നു. | | | |
| ഗണിതക്ലബ്ബ് രൂപീകരണം. | ഗണിതക്ലബ്ബിൽ എല്ലാ ക്ലാസിലെയും കുട്ടികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു. ക്ലബ്ബ് ഓരോമാസം ഓരോ പ്രവർത്തനം എന്നനിലക്ക് നടത്തുന്നു.<br>ഗണിതമാഗസിൻ<br>ഗണിതാശയങ്ങൾ, പസ്സിലുകൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിത പതിപ്പുകൾ ... etc ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | | | |
| മാത്സ് ടാലന്റ് Exam. | ഗണിതശാസ്ത്രത്തിൽ മികവു പുലർത്തുന്ന കുട്ടികളെ Talent exam ന് പ്രത്യേകം പരിശീലനം നൽകുന്നു. | | | |

| | | |
|---|---|---|
| 1 മുതൽ 4 വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഒരുക്കൽ<br>ഹരിതപരിസരം, പൂന്തോട്ട നിർമ്മാണം. ഔഷധച്ചെടികളെ സംരക്ഷിക്കാൻ ഔഷധസസ്യ തോട്ടവും സ്കൂളിൽ | **പരിസരപഠനം**<br>സസ്യനിരീക്ഷണം നടത്തുന്നതിനായി ജൈവവൈവിധ്യ പാർക്ക് സ്കൂളിൽ ഉണ്ടാവണം.<br>ശാസ്ത്രമൂലയിൽ ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട് പുസ്തകങ്ങൾ ക്രമീകരിക്കുന്നു. വായനാവേളയിൽ അത് വായിക്കാനവസരം നൽകുന്നു. ICT സഹായത്താൽ കൂടുതൽ വായനാസാമഗ്രികൾ കണ്ടെത്തി നൽകുന്നു. പതിപ്പുകൾ തയ്യാറാക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പരീക്ഷണ നിരീക്ഷണങ്ങളും ക്വിസ് പ്രോഗ്രാമുകളും നടത്തുന്നു. | June to March |
| ആരോഗ്യവിദ്യാഭ്യാസം നൽകുക | ശുചിത്വം പോഷകാഹാരം, വ്യായാമം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനായി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | |
| പഠനനിലവാരം ഉറപ്പാക്കൽ | എല്ലാമാസവും CPTA കൂടുന്നു. കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നു. ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളുടെ സമയബന്ധിതമായി വിലയിരുത്തൽ നടത്തുന്നു. | |
| Talent Lab.<br>കുട്ടികൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും. | കുട്ടികളുടെ അവരുടെ സർഗാത്മക കഴിവുകളുടെ അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളാക്കുന്നു. സംഗീതം, നൃത്തം കഥാരചന, കവിതാരചന, ചിത്രരചന, പ്രസംഗം, അഭിനയം എന്നിങ്ങനെ അവരെ അവരുടെ കഴിവുകളിൽ മികച്ചവരാക്കാനുള്ള വിദഗ്ധ ക്ലാസ്സുകളും പ്രവർത്തനങ്ങളും നൽകും. | |

| | | | |
|---|---|---|---|
| കലാപഠനം പ്രവൃത്തി പരിചയം, ആരോഗ്യ വിദ്യാഭ്യാസം | കലാപഠനവുമായി കൂടി ബന്ധപ്പെട്ട് കുട്ടികളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ, കഥകൾ, ചിത്രങ്ങൾ എന്നിവ ICT സഹായത്താൽ കുട്ടികൾക്ക് കാണാനും കേൾക്കാനും ചെയ്യാനും അവസരം നൽകുന്ന പരിശീലിപ്പിക്കുന്നു.<br>പ്രവൃത്തിപരിചയവുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ ICT സഹായത്തോടെ കാണിക്കുന്ന പരിശീലിപ്പിക്കുന്നു.<br>ആരോഗ്യകായിക വിദ്യാഭ്യാസം - അസംബ്ലിൽ മാസ്ഡ്രിൽ ചെയ്യിക്കുന്നു, സുംബാഡാൻസ് ചെയ്യിക്കുന്നു.<br>എല്ലാദിവസവും 45 മിനിട്ട് കായികവിദ്യാഭ്യാസത്തിന് നൽകുന്നുണ്ട്. വിവിധ കളികൾ നിയമം പാലിച്ച് ചെയ്യാനായി പരിശീലിപ്പിക്കുന്നു. | ജൂൺ to March. | Teachers. |
| കൗൺസിലിംഗ് ക്ലാസുകൾ. | രക്ഷിതാക്കൾക്കും കുട്ടികൾക്കും എല്ലാമാസവും കൗൺസിലിംഗ് ക്ലാസ്സുകൾ നൽകുന്നുണ്ട്.<br>വിദഗ്ധരുടെ സഹായത്തോടെ ഇനിയും കൂടുതൽ നടത്തേണ്ടതുണ്ട്. | | |
| പോഷകാഹാരം. | പോഷകാഹാരം കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്. | | |

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. നാട്യങ്ങൾ ഏതുമില്ലാത്ത നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.